**മാർഗവും ലക്ഷ്യവും**
**രാജശേഖരൻ**
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)

1

# മാർഗവും ലക്ഷ്യവും
## രാജശേഖരൻ

ജീവിതത്തിന്റെ കരുത്തും പൗരുഷ്യവും സൗന്ദര്യത്തിന്റെ ഉപദാനങ്ങളായിക്കരുതുന്ന കവികൾ നമുക്ക് നന്നേകുറവാണ്. കരുത്തും പാരുഷ്യവുമാണ് ജീവിതത്തിലെതന്നെ സുന്ദരാംശങ്ങളുണ്ടാക്കുന്നതെന്നിരുന്നാലും അവയെ സൗന്ദര്യത്തോടു ബന്ധപ്പെടുത്തി നാം ചിന്തിക്കാറില്ല എന്നതാണ് ഇതിനു സാമാന്യമായ കാരണം. സൗന്ദര്യത്തെ 'കേവലമൊരു മായാമയൂരത്തുവ' ലാക്കി നിർത്താൻ തന്നെയാണ് സ്ഥിരം സങ്കല്പങ്ങൾ നമ്മെ പ്രേരിപ്പിക്കുക. അതിൽനിന്നു കുതറിമാറാനുള്ള ബോധപൂർവമായ ശ്രമം മലയാളത്തിൽ ആദ്യമുണ്ടാവുന്നത് ഇടശ്ശേരി, എൻ.വി, വൈലോപ്പിള്ളി എന്നിവരിലൂടെയാണ്. കാവ്യരൂപസംബന്ധമായും ജീവിതഭാവ സംബന്ധമായിത്തന്നെയും നിലനിന്ന മസൃണസങ്കല്പങ്ങളെ അടിച്ചുടക്കുകയും അതിന്റെ സ്ഥാനത്ത് കരുത്തും പാരുഷ്യവുമുറ്റതും യാഥാർഥ്യബോധത്തിലൂന്നിയതുമായ സങ്കല്പത്തെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നതിന് ഇവരിൽ ആദ്യംപറഞ്ഞ രണ്ടുപേർ വിശേഷിച്ചും ബോധപൂർവ്വംതന്നെ ശ്രമിച്ചിട്ടുണ്ട്.

കളിയാടാൻ കരിനുകമായ്
കവിമാതേ തുയിലുണരൂ

എന്നിങ്ങനെ ചങ്ങമ്പുഴ മുന്നേ പാടിയിട്ടുണ്ടെങ്കിലും, നിലവിലുള്ള കാവ്യസങ്കല്പങ്ങൾക്കെതിരായ രൂപരചനാസമ്പ്രദായം പാടുന്ന പിശാചിൽ ചിലേടത്ത് അദ്ദേഹം പ്രയോഗിക്കുന്നുണ്ടെങ്കിലും, ഭാവപക്ഷത്തും രൂപപക്ഷത്തും ചങ്ങമ്പുഴ കാല്പനികതയുടെ ചിറകുകളിലുടക്കിക്കിടക്കുകയാണുണ്ടായിരുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

കവിതയുടെ ഭ്രമാത്മകമായ ചിറകുകളരിഞ്ഞുകളഞ്ഞ് മണ്ണിലുറപ്പിച്ചു നിർത്താനും അതിനു മണ്ണിന്റെ ജീവനും സൗന്ദര്യവും നൽകാനും ശ്രമിക്കുകയാണ് ഇടശ്ശേരി സ്വന്തം കവിതകളിലൂടെ ചെയ്തത്. കവിതയെയും ജീവിതത്തെയും സംബന്ധിച്ച് സ്വന്തമായ, ഇരുത്തംവന്ന ധാരണകളുണ്ടായിരുന്നു അദ്ദേഹത്തിന്. വ്യക്തമായൊരു രാഷ്ട്രീയ കാഴ്ചപ്പാടോ ഒന്നും കടന്നുവന്ന് കാവ്യരൂപത്തെയോ സങ്കല്പത്തെയോ നിർണിയക്കാനദ്ദേഹം സമ്മതിച്ചില്ല. കവിത സ്വയം കവിതയായിരിക്കുന്നതിലൂടെത്തന്നെ സ്വന്തം ധാരണകളും രാഷ്ട്രീയവിശ്വാസങ്ങളും രൂപംകൊണ്ടുകൊള്ളുമെന്ന് അദ്ദേഹം കരുതി. അതിന്റെ ഫലമാണ് വാർത്തെടുത്ത വെങ്കലശില്പം പോലുള്ള ആ രചനാരൂപം. പുത്തൻ കലവും അരിവാളും, പണിമുടക്കം എന്നീ കൃതികൾ മാത്രമല്ല, പൊട്ടിപുറത്ത് ശീവോതി അകത്ത്, ബിംബിസാരന്റെ ഇടയൻ, ഋഷിയുടെ ധേനു, മുള്ളൻചീര, കുടിയിറക്കൽ, ബുദ്ധനും ഞാനും നരിയും എന്നുതുടങ്ങി പൂതപ്പാട്ടും കറുത്തചെട്ടിച്ചികളുംവരെ ഇതിന് ഉദാഹരിക്കാം. തനിക്കുപറയാനുള്ളത് മറച്ചുവെക്കാത്ത കവി എവിടെയും കാവ്യശില്പത്തോടൊപ്പമെങ്കിലും ഉച്ചത്തിൽ തന്റെ സന്ദേശം പ്രഖ്യാപിക്കുന്നതു കേൾക്കാം. എന്നാൽ കാവ്യസന്ദർഭത്തിൽനിന്നു താനേയുയരുന്ന ആ പ്രഖ്യാപനം വേറിട്ടുനില്ക്കുന്നതാണെന്ന് ആർക്കും തോന്നുകയില്ലെന്നതാണ് അദ്ദേഹത്തിന്റെ വിജയം. അതുകൊണ്ട്,

മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ

എന്ന് ആശാന്റെ ഉദ്ഘോഷണം ദുഃസഹമായനുഭവപ്പെട്ടവർ പോലും,

കുഴിവെട്ടിമൂടുക വേദനകൾ,
കുതികൊൾക ശക്തിയിലേക്കു നമ്മൾ

**മാർഗവും ലക്ഷ്യവും**
**രാജശേഖരൻ**
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)

2

എന്നോ
അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ, പൊന്നാര്യൻ!

എന്നോ ഉള്ള ഇടശ്ശേരിയുടെ പ്രഖ്യാപനങ്ങളെ ചോദ്യം ചെയ്യാറില്ല. കവിതയെയും ജീവിതത്തെയും ഒരിക്കലും രണ്ടായി കാണുകയോ ഭാവിക്കുകയോ ചെയ്തിട്ടില്ലാത്ത അദ്ദേഹത്തിൽനിന്ന് ഇതിന് വിപരീതമായൊരു രചനയുണ്ടാവുമായിരുന്നില്ലെന്നതാണ് ശരി.

എഴുത്തുമേശതൻ മുന്നിലിരിക്കുന്നു ഞാൻ
പെരുത്തുണ്ടേ ജനമെന്റെ മുറിയിലിപ്പോൾ
കരണങ്ങളെഴുതിക്കലവർക്കാവശ്യം
കവിതകൾ കുറിക്കലേ നമുക്കു പഥ്യം

എന്ന് സ്വന്തം ജീവിതാഭിരുചിയും യാഥാർഥ്യവും തമ്മിലുള്ള വൈരുധ്യം വെളിവാക്കുന്ന കവി, അവ തന്നെയാണ് സ്വന്തം കവിതകളുടെ വിജയഹേതുവെന്ന് പറഞ്ഞതും ഇവിടെ അനുസ്മരിക്കാവുന്നതാണ്.

കവിതയോടും ജീവിതത്തോടുമുള്ള തന്റെ സമീപനമെന്തെന്ന് നിർവിശങ്കം വെളിവാക്കുന്നതാണ് ഇടശ്ശേരിയുടെ ബുദ്ധനും ഞാനും നരിയും എന്ന കവിത. കാലപരവും ദേശപരവും തത്വചിന്താപരവുമായ അനേകം മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ് ആ പേരുതന്നെ. പേരിന്റെ പൊരുളിലേക്ക് കടക്കുന്നതിനുമുമ്പ് ആ കവിത അടുത്തൊന്നു പരിശോധിക്കുന്നത് നന്നായിരിക്കും.

ദഹിപ്പിക്കാൻപോന്നതും എന്നാൽ ക്രൂരമായ ഫലിതം ഉള്ളടങ്ങുന്നതുമായ ഒരു ചോദ്യത്തോടെയാണ് കവി നമ്മെ കാവ്യത്തിലേക്ക് ക്ഷണിക്കുന്നത്.

അരിയില്ല തിരിയില്ല ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ!

ജീവിതത്തിലെ എണ്ണിയാലൊടുങ്ങാത്ത യാതനനകൾക്കും മരണമെന്ന ഉത്തരംകിട്ടാച്ചോദ്യത്തിനും പ്രതിവിധി ആത്മഹത്യയാണെന്ന് കൊട്ടിഘോഷിക്കുന്നവരുടെ നാവടക്കാൻ പോന്നതുകൂടെയാണ് ഈ ചോദ്യം. യാതനകളും ദുരിതങ്ങളും മാത്രം നിറഞ്ഞ, കെട്ട ജീവിതം. അതൊന്നിനും കൊള്ളില്ല. ആർക്കുംവേണ്ട എന്നുതന്നെ വെച്ചോളു. എന്നിരുന്നാലും അത് നരിക്ക് കൊടുക്കണോ?

പകലന്തിയോളം പണിയെടുത്തുകിട്ടിയ കൂലിക്കു റേഷനരി വാങ്ങി തോർത്തുമുണ്ടിൽകെട്ടി തോളത്തിട്ടുവരികയാണയാൾ. പകൽ ഒന്നും തിന്നാൻകിട്ടാതെ വീട്ടിൽ നാലഞ്ചുമക്കൾ കരയുന്നുമുണ്ടാവാം, പൊരിയുന്നുമുണ്ടാവാം. അവരോടു തലതല്ലി വലഞ്ഞ കുടുംബിനി അയാളുടെ വരവു തന്നെ പ്രതീക്ഷിച്ചിരിക്കുകയുമാവാം. തെളിഞ്ഞ വഴിയിലൂടെ രണ്ടുകാതം നടന്നെങ്കിലേ വീട്ടിലെത്തു. എന്നാൽ കാട്ടുപാതയിലൂടെ അരമൈൽ നടന്നാൽ തന്റെ ചെറ്റമാടത്തിലെത്താം. ഏതുവഴി പോകണമെന്ന് ആലോചിക്കേണ്ടിവന്നില്ല.

കഴൽനീങ്ങി കാട്ടിലേ,യ്ക്കന്തിയാ,ണമ്പിളി
ക്കലയുണ്ടേ മാനത്തിൽ ദംഷ്ട്രപോലെ

നമ്മുടെ പതിവ് സൗന്ദര്യസങ്കല്പത്തിൽ വന്നുകഴിഞ്ഞ പ്രകടമായ വ്യതിയാനത്തെക്കുറിക്കുന്നതാണ് അമ്പിളിക്കലയെക്കുറിച്ചുള്ള ഇതിലെ കല്പന. തിങ്കളിനെ ചന്ദനക്കിണ്ണമായും കാമോദ്ദീപകമായ മറ്റുപലതായും കണ്ടുപോന്ന പതിവാണ് ക്ലാസിക്-കാല്പനിക കവിതകൾക്കുള്ളത്.

....വാനത്തിന്ദുവെട്ടുകാലിതൻ മാറിൽ
മുട്ടപോൽ തുങ്ങീടവേ

എന്ന് അവിടെനിന്ന് കടന്ന് മലയാള കവിതയിലെ സംക്രമപുരുഷനായ വൈലോപ്പിള്ളിയും ഉപദർശിച്ചിട്ടുണ്ട്. എന്നാൽ അതിൽനിന്നൊക്കെ ഏറെ വേറിട്ടു നില്ക്കുന്നതാണ് സൗന്ദര്യംതന്നെ ക്രൗര്യമായി മാറുന്നു. യാഥാർത്ഥ്യത്തിൽ നിന്നുറവെടുത്ത ഈ സങ്കല്പം. ഏതായാലും

ഉരസിപ്പോം കുന്നിന്റെ ചരിവുമക്കണ്ടക-
നിരയും മെതിച്ചു നടക്കയായ് ഞാൻ.

**മാർഗവും ലക്ഷ്യവും**
**രാജശേഖരൻ**
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)

3

ഏതു നിമിഷവും നരി വന്നേക്കാമെന്ന ഭയമില്ലായ്മകയല്ല. ആ ഭയമിരിക്കെത്തന്നെ, തന്റെ ഭയത്തെക്കാൾ വലുതാണ് കിടാങ്ങളുടെ വിശപ്പെന്ന ബോധമാണ് അയാളെ കുറുക്കുവഴിയിലൂടെയുള്ള ഈ സാഹസയാത്രക്ക് പ്രേരിപ്പിച്ചത്. പ്രതിസന്ധി ഘട്ടത്തിലെ മറ്റൊരു പോംവഴിയില്ലായ്മ അയാളെ ധൈര്യശാലിയാക്കി മാറ്റി.

നരിവന്നാൽ-വന്നോട്ടെ സുപരീക്ഷിതങ്ങളെൻ
ചരണങ്ങൾ, ഞാനൊരു പെണ്ണല്ലല്ലോ.

മാത്രമല്ല, നരി ഏറിയാൽ നായാട്ടു നായ്ക്കളെ കണ്ടിട്ടുണ്ടാവും. താനോ? വാറണ്ട് ശിപായിമാരെത്തന്നെ കാണുന്നവനാണ്! വെറും സാമാന്യമായ പരാമർശങ്ങൾക്കുള്ളിൽ, കനിവറ്റ സാമൂഹിക നീതിയെ സംബന്ധിച്ച രൂക്ഷപരിഹാസങ്ങൾ ഒളിച്ചുവെക്കുന്ന 'ഇടശ്ശേരിയൻ' രീതിക്ക് നല്ലൊരുദാഹരണമാണിത്. സാധാരണക്കാരനെ വന്യമൃഗങ്ങളെക്കാൾ ഭീഷണമായ വിധത്തിൽ ആക്രമിക്കാറുള്ള നീതിപാലകരുടെ കഥ ഇടശ്ശേരിക്ക് നിത്യാനുഭവത്തിൽനിന്ന് കിട്ടിയതുതന്നെ.

വഴി, ഏതാണ്ട് പകുതി കഴിഞ്ഞു. 'എത്തി ഞാൻ സുഗതനാം ബുദ്ധൻ തൻ സന്നിധിയിൽ' സദ്ധർമത്തൂടെ മാത്രം ചരിക്കുകയും അതിനുവേണ്ടി ഉപദേശം നൽകുകയും ചെയ്ത ബുദ്ധദേവന്റെ ആ പഴയ പാറക്കൽ പ്രതിമ അപ്പോഴും ചുറ്റും പരിശുദ്ധി പൊഴിച്ചു നിൽക്കുകയാണ്.

ഒരു കാലത്തുത്കൃഷ്ടർ ബുദ്ധഭിക്ഷുക്കളി-
ത്തരുനീലത്തണൽകളിൽ വാണിരിക്കാം
ഒരു കാലം നിഷ്കൃഷ്ടാഹിംസയെപ്പറ്റിയും
കരുണയെപ്പറ്റിയും ചൊല്ലിച്ചൊല്ലി
കരയിച്ചിട്ടുണ്ടാവാം കഠിനാമർഷത്താലേ
കരൾതിന്നാനൂന്നും വിരോധിമാരെ

അവിടെയാണ്, ക്രൗരത്തെപ്പോലും അനുകമ്പാപൂർണമാക്കാനും കരയിക്കാനും കഴിഞ്ഞിരുന്ന അതേ സ്ഥാനത്താണ്, ഇന്ന് 'ചൊകചൊകെ' മിന്നുന്ന കണ്ണുമായി നരി തക്കം പാർത്തിരിക്കുന്നത്. ആ സന്ദേശത്തിന്റെ സഫലതയെത്രമാത്രമാണെന്ന് ഈ വസ്തുതതന്നെ വെളിവാക്കുന്നു.

തനതുസന്ദേശത്തിൽ സഫലപ്രയോഗത്താ-
ലനഘമാംപാരിനെക്കണ്ടുകണ്ടേ
ചരിതാർഥനായ് ധ്യാനനിരതനായ് വാഴ്കയാ-
മിരുപതുനൂറ്റാണ്ടായ് മുനിയവിടെ

മതങ്ങളും അവയുടെ തത്വശാസ്ത്രങ്ങളും ജനജീവിതത്തോട് എത്രമാത്രം നിർവേദപൂർണമായ നിലപാടാണ് കൈക്കൊണ്ടതെന്ന് പരിഹാസഗർഭിതമായ ഈ വരികൾ സൂചിപ്പിക്കുന്നു. ബുദ്ധനും ക്രിസ്തുവും മുഹമ്മദുമെല്ലാം ചെയ്ത പ്രവർത്തനങ്ങളെയും ഉപദേശങ്ങളെയും പിൻഗാമികൾ കണ്ടതും പ്രാവർത്തികമാക്കിയതുമെങ്ങനെ എന്നും അവ ചൂണ്ടിക്കാട്ടുന്നുണ്ട്. അവയെ അവയുടെ സാമൂഹിക പശ്ചാത്തലത്തിൽനിന്നടർത്തിയെടുക്കുകയും കേവലവും ശാശ്വതവുമായ സത്യവാക്യങ്ങളായിഅവ കരുതപ്പെടുകയും ചെയ്തതോടെ ആ സന്ദേശങ്ങൾ ചേതനയറ്റവയായിത്തീരുകയും സമൂഹത്തോടും ജീവിതത്തോടും നിർവേദപൂർണമായ നിലപാടെടുത്തുതുടങ്ങുകയും ചെയ്തു. പ്രവാചകന്മാർ ശിലകളായിച്ചമഞ്ഞു. അതുകൊണ്ട് ബുദ്ധന്റെ പാറക്കൽപ്രതിമക്ക് ഇങ്ങനെയൊരു നിലയേ സാധ്യമാവൂ. അഹിംസയുടെ മുഖം ഹിംസയുടേതായി മാറിയത് ആ പ്രതിമയ്ക്ക് കാണാൻ കഴിയില്ല. ഇരതേടും ക്രൗര്യങ്ങൾ വന്ന് നഖമുരച്ചു മൂർച്ചകൂട്ടുന്നതിനു ഉപകരണമായിട്ടുപോലും:

ഇരതേടും ക്രൗര്യങ്ങൾ നഖരമുരപ്പതു-
മറിയാതാം ധ്യാനപരതയോടേ!

ചുറ്റും ഇരുളായി. തളിരും മലരും കരിയിലയും തിരിച്ചറിയാതായി.

അറിയാറായൊ,ന്നതാ ചൊകചൊകെ മിന്നുന്നു

നരിയുടെ നിർഭയക്കൺകൾമാത്രം നരിയുടെ കണ്ണുകളെന്ന മാരകഭീകര

മാർഗവും ലക്ഷ്യവും
രാജശേഖരൻ
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)



തമാത്രം സത്യവും മറ്റെല്ലാം മിഥ്യയുമായി മാറി. ഒരു ഞൊടിക്കുള്ളിൽ 'അന്നരകമെൻ പിരടിക്കു ചാടി' വീണേക്കാം. എന്നിട്ടും, നീണ്ട ഇരുകാതം താണ്ടി വീട്ടിലെത്താൻ 'കഴൽ പിന്തിരിഞ്ഞീല' ആ നില്പിന്നിടയിൽപ്പോലും തന്റെ കുടിലിലെ ദയനീയ ചിത്രം അയാൾ മനസ്സിൽക്കണ്ടു.

സുമധുരപ്പാലറ്റ- മൂലയിൽനിന്നമ്മത-
ന്നുയിർനിണം തന്നെ വലിച്ചിറക്കി
വികൃതമെലുമ്പുന്തും മാറത്തമരുമാ
ദുരിതത്തിൻ തൂമുഖത്തിന്നുനേരെ
മിഴിതുറിച്ചാർത്തിയാൽ - രോഷത്താലായിരം
കഠിനശാപങ്ങളെറിയുവോളെ
അവളുടെ മുമ്പിൽ-നിന്നാർത്തലച്ചുന്മത്തം
നിലതെറ്റിക്കേഴുന്ന മൂത്തവരെ.....

ഇതെല്ലാം സ്വന്തം ജീവനെത്തന്നെ അവഗണിച്ചും കുടിലിലോടിയെത്താൻ അയാളെ നിർബന്ധിച്ചുകൊണ്ടിരുന്നു. മലയാളത്തിലെ പഴയ കവി അരീപ്പറമ്പത്ത് നാരായണമേനോന്റെ അത്താഴം എന്ന കവിതയിലെ ദരിദ്ര കുടുംബത്തിന്റെ ദയനീയതയെ അനുസ്മരിപ്പിക്കുന്ന ഈ കാവ്യസന്ദർഭം ആരുടെയും മനസ്സലിയിക്കുന്നതാണ്. എന്നിരിക്കെ,

'വരു നല്ല മാർഗത്തുടിരുകാത'-മെന്നാരു
പറയുമയാൾക്കില്ല ഹൃദയലേശം!

പക്ഷേ നരിനേരേ നിരങ്ങിനിരങ്ങിയടുക്കുകയാണ്. താൻ നിമിഷങ്ങൾക്കകം നരിക്കിരയായി മടയിലെ മക്കളുടെ പൊരിയും വയറ്റിലേക്കെത്തിയേക്കാം.

ഇരയായി പണ്ടേതോ ജന്മത്തിൽ നിന്നെപ്പോ-
ലൊരു ഹിംസ്രജന്തുവിന്നിസുഗതൻ
കരുണയാലത്യാഗം, കരുണതൻപേരിൽത്താ-
നൊരുവാക്കുകൂറട്ടേ നരിയമ്മാനേ!
ചുമലിലൊരിത്തിരി റേഷനരിക്കിഴി:

ചുടുനെടുവീർപ്പിതും കണ്ടില്ലേ നീ? കണ്ണീരിലരച്ചുചേർത്ത ഹാസ്യം ഈ വരികളെ നക്ഷത്രദീപ്തമാക്കുന്നു. കല്ലിനെപ്പോലും കരയിക്കാൻപോന്ന ദയനീയതയാണ് ആ കണ്ണീരിന് പിന്നിൽ. നരിക്ക് ഹൃദയമുണ്ടായിരുന്നെങ്കിൽ ഈ ദയനീയരോദനം കേൾക്കാതിരിക്കാനാവുമായിരുന്നില്ല. എന്നാൽ താണുവീണുള്ള കരളലിയിക്കുന്ന അപേക്ഷയൊന്നും ചെവിക്കൊള്ളുന്ന വിധത്തിലായിരുന്നില്ല നരിയുടെ നില. സൗമ്യമായ അപേക്ഷയും ബധിരകർണങ്ങളിൽ പതിച്ചതോടെ അയാൾ തനിക്കു കിട്ടാമായിരുന്ന ഏറ്റവും വലിയ ആയുധമെടുത്തു പ്രയോഗിച്ചു.

തരമാ,യടുത്തവൻ ചാടാറായ് ഞാനാക്കൽ-
പ്രതിമയാക്രൂരന്റെ മുതുകിൽ തള്ളി
അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ!

അത്യാപത്സന്ദർഭങ്ങളിൽ കൈയിൽക്കിട്ടുന്നത് അഹിംസാമൂർത്തിയായ ബുദ്ധന്റെ പ്രതിമയാണെന്നിരുന്നാൽപ്പോലും ആ പ്രതിമകൊണ്ട് അക്രമിയെ കൊല്ലുകയേ നിവൃത്തിയുള്ളു എന്നിതു വ്യക്തമാക്കിത്തരുന്നു. അഹിംസോപദേശം അവിടെ അർഥശൂന്യമായിത്തീരുന്നു. ക്രൗര്യത്തെ നേരിടാൻ ക്രൗര്യമല്ലാതെ മറ്റൊന്നും മതിയാവില്ല.

ഏതായാലും,
വയറൊട്ടു വീർത്തപ്പോൾ കളി ചിരിപൂണ്ടൊട്ടെ-
ന്നുയിരൊത്ത മക്കളുറക്കമായീ
മധുരമൊരുമ്മ കൊടുത്തെൻ കുടുംബിനി
മുതുനിവർത്തുന്നുണ്ടവർ തൻ ചാരേ

തന്റെ പ്രവൃത്തികളെ, ഒരു പക്ഷേ അവയെത്ര കഠിനംതന്നെയായിരുന്നാൽപ്പോലും, ന്യായീകരിക്കുന്നതാണ് അതിന് കിട്ടിയ ഫലങ്ങൾ. 'പോംവഴി,

**മാർഗവും ലക്ഷ്യവും**
**രാജശേഖരൻ**
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)



പക്ഷേ, മറ്റൊരു വിധമായിരുന്നെങ്കിൽ' എന്ന ചിന്തക്കിട നൽകാത്തവണ്ണം ശങ്കാപേതുമാണീ മാർഗം. അതിൽനിന്നുണ്ടായ ഫലം, ഒരു പക്ഷേ നിസ്സാരമാണെന്നിരുന്നാൽപ്പോലും ആ ജീവിതത്തെത്തന്നെ സഫലമാക്കിത്തീർക്കുന്നതുമായിരുന്നു.

പരമമിലക്ഷ്യത്തിൽ സമസൃഷ്ടച്ചെഞ്ചോര
പുരളാനിടയാ,യെൻ തെറ്റുതന്നെ.
ഇരുകാതം താണ്ടി ഞാൻ വരുവോളമെൻമക്കൾ
പൊരിയുകിൽച്ചാവുകിൽ തെറ്റില്ലെന്നോ?

നേരായ വഴി കിടക്കെ അപകടം പിടിച്ച ഈ കുറുക്കുവഴി തേടിയതും അഹിംസയുടെ പ്രവാചകന്റെ ബിംബംതന്നെ ഹിംസക്കുപയോഗിച്ചതും ദൂനതയിൽ പൊരിയുന്നവർക്ക് ആശ്വാസം പകരൻ സമസൃഷ്ടച്ചെഞ്ചോര ചിന്തിയതും തെറ്റായിപ്പോയി എന്നു വാദിക്കുന്നവരുണ്ടാവാം. നേർവഴിയിലൂടെ ഇരുകാതം താണ്ടി വന്നിരുന്നെങ്കിൽ, അയാളുടെ മക്കൾ പൊരിഞ്ഞു ചത്തെന്നിരുന്നാൽത്തന്നെ, അതായിരുന്നു അഭികാമ്യമെന്നും അങ്ങനെയുള്ള സഹനസമരമാണ് ശ്രേഷ്ഠമെന്നും വാദിക്കുന്നവരുമുണ്ടാവും. സമയവും സൗകര്യവുമുള്ളവർ മാർഗലക്ഷ്യങ്ങളെക്കുറിച്ചു വാദിച്ചുകൊള്ളട്ടെ. ഏതായാലും അല്പമൊന്ന് തലചായ്ക്കുകയാണ് തനിക്കാവശ്യം. അതിനവസരം കിട്ടിയെന്നത് വലിയ കാര്യവും:

ഇടയുള്ളേർ വാദിപ്പിൻ മാർഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ

ചുട്ടുപൊള്ളുന്ന ജീവിതയാഥാർഥ്യങ്ങളുടെ നടുവിൽനിന്ന് ആ യാഥാർത്ഥ്യങ്ങളുടെ സംഹാരാത്മകതയെക്കുറിച്ച് ചിന്തിക്കാനിട നൽകാതെ മാർഗലക്ഷ്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നവരുണ്ട്. ഇരുപക്ഷം വാദിക്കുന്നവരും ചെയ്യുന്നത് ആക്രമണകാരിയെ സഹായിക്കലാണ്; നന്മതിന്മകളുടെ സംഘട്ടനത്തിൽ നിഷ്പക്ഷത ഭാവിക്കുന്നവരുടെ നിലപാടിനെക്കാൾ ഹീനമാണ് ഈ വാദപ്രതിവാദം. കമ്യൂണിസത്തെ എതിർക്കുന്നവർ അതിന്നെതിരെ ഉന്നയിക്കുന്ന പ്രധാന ആരോപണത്തിന്റെ സാരമിതാണ്: അതിന്റെ ലക്ഷ്യം വളരെ നന്നെങ്കിലും മാർഗം ഹിംസാത്മകമാണ്; ലക്ഷ്യം നന്നായാൽ മാത്രം പോര, മാർഗവും നന്നായിരിക്കണം. അർഥശൂന്യമായ ഈ വാദഗതിക്കുള്ള ചുട്ടമറുപടിയാണ് ഈ കവിത. ഇടശ്ശേരി ഏതു ചേരിയിലെന്ന ചോദ്യത്തിന് നിസ്സംശയമായി ഇതു മറുപടി പറയുന്നു. എന്നാൽ തനിക്ക് താല്പര്യം ചേരിയുടെ കാര്യത്തിലല്ലെന്നും സാമൂഹികദുരിതങ്ങൾക്ക് അറുതിവന്നു കാണുന്നതിലാണെന്നും കൂടെ കവി വ്യക്തമാക്കുന്നു.

ഇടയുള്ളോർ വാദിപ്പിൻ മാർഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, കാലപരവും ദേശപരവും തത്വചിന്താപരവുമായ അനേകം മാനങ്ങൾ ബുദ്ധനും ഞാനും നരിയും എന്ന പേരുതന്നെയുൾക്കൊള്ളുന്നുണ്ട്. ബുദ്ധന്റെ അഹിംസാ സിദ്ധാന്തം ഉയിരെടുക്കുകയും പ്രചരിക്കുകയും ചെയ്ത ഭാരതത്തിൽ അഹിംസയെക്കാൾ ശക്തമായി ഹിംസ വളർന്നുവന്നു. എന്നുമാത്രമല്ല, ബുദ്ധപ്രതിമതന്നെ ഹിംസയുടെ ക്രൗര്യങ്ങൾക്ക് നഖമുരപ്പതിന്നുള്ള ഉപകരണമായി മാറി. അതിനോട് തികച്ചും നിർലേപമായ മനോഭാവം പുലർത്താനേ ആ തത്വശാസ്ത്രത്തിനും അതിന്റെ പിൽക്കാല പ്രയോഗങ്ങൾക്കും കഴിഞ്ഞുള്ളു. ബുദ്ധന്റെയും നരിയുടെയും നടുവിൽ ഞാൻ പെട്ടിരിക്കെ, കരുണാമയനായ ബുദ്ധന് (നടക്കാൻ വയ്യാത്തൊരാട്ടിൻകുട്ടിയെ തോളിലെടുത്തുകൊണ്ട് ബിംബിസാരന്റെ യാഗശാലയിലേക്കു പോയ ആളാണല്ലോ ഈ അനുപമദയാനിധി) തന്നെ രക്ഷിക്കാനാവില്ലെന്നിരിക്കെ ആ ബുദ്ധപ്രതിമയെത്തന്നെ ഹിംസക്കുപകരണമാക്കിയതിൽ തെറ്റില്ലെന്നേ ഏത് ഹൃദയാലുവിനും പറയാനാവു. നാടിന്റെ തത്വചിന്താപാരമ്പര്യത്തെയും വിശ്വാസപ്രമാണങ്ങളെയും കാലം പഠിപ്പിച്ച പാഠംകൂടെയാണത്. നാലുചുറ്റിലും നിന്ന് ക്രൗര്യവും യാതനകളും കണ്ണുരുട്ടുമ്പോൾ ഇന്നത്തെ മനുഷ്യന് മുന്നിലുള്ള പരിഹാരമെന്തെന്ന് ഇത് വിരൽചൂണ്ടുന്നു.

**മാർഗവും ലക്ഷ്യവും**
**രാജശേഖരൻ**
(ദേശാഭിമാനി വാരിക
1985 മാർച്ച് 17)

6

ഇടശ്ശേരിയുടെ ജീവിതവീക്ഷണത്തിനെന്നപോലെ കാവ്യരചനാസമ്പ്രദായത്തിനും ഉപദർശകമാണ് ഈ കവിത. മസൃണത തൊട്ടുപുരളാത്ത രചനാരീതി. എന്നാൽ അതിന്നുള്ളിൽ ഹൃദയഭാവങ്ങളുടെ മാധുരി നിറഞ്ഞു തുളുമ്പുന്നു. ഓരോ പദവും നമ്മുടെ മനസ്സിൽ അലിവും ആർദ്രതയും രോഷവും നിറക്കുന്നു. വിരസവും പരുഷവുമെന്ന് പുറമേ തോന്നിക്കുന്ന വെറും വിവരണങ്ങൾ ഉള്ളിൽ ഫലിതത്തിന്റെ മുല്ലപ്പൂക്കൾ വിരിയിക്കുന്നു.

ജീവിതത്തിന്റെ കുണ്ടും കഴിയും തിരയും പതയുമെല്ലാം തുറന്ന മനസ്സോടെ കാണുകയും ഉൾക്കൊള്ളുകയും ചെയ്ത ഒരു കവിയെ നാം ഇടശ്ശേരിയുടെ കവിതകളിലൂടെ കാണുന്നു. ജീവിതത്തിൽ തള്ളേണ്ടതായൊന്നുമില്ലെന്നുകണ്ട അദ്ദേഹത്തിന് ജീവിതത്തെ അതുപോലെതന്നെ കവിതയാക്കി മാറ്റാൻ കഴിഞ്ഞു.

എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കുതേരുരുൾ പായിക്കൽ.

(ദേശാഭിമാനി വാരിക – 1985 മാർച്ച് 17)